**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **27-07-2021 - ൽ മറുപടിയ്ക്ക്**

**റബ്ബർ ആവർത്തന കൃഷിക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റബ്ബർ ആവർത്തന കൃഷിക്ക് റബ്ബർ ബോർഡ് നൽകി വന്നിരുന്ന സബ്സിഡി കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സബ്സിഡി നൽകാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | ഫണ്ടിന്റെ അപര്യാപ്തതയുടേയും മറ്റു സാങ്കേതിക കാരണങ്ങളുടേയും പേരിൽ റബ്ബർ ബോർഡ് ആവർത്തന കൃഷിക്ക് നൽകികൊണ്ടിരുന്ന സബ്സിഡി അപേക്ഷകൾ കഴിഞ്ഞ മൂന്നു വർഷമായി സ്വീകരിച്ചിരുന്നില്ല എന്നും ആയത് ഉടനെ പുനസ്ഥാപിക്കും എന്നും റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. ടി ഇനത്തിൽ കുടിശ്ശികയായ സബ്സിഡി തുക നൽകുന്നതിനായി 2020-21-സാമ്പത്തിക വർഷത്തിൽ റബ്ബർ ബോർഡ് 18കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് കാരണം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | റബ്ബറിനെ കാർഷിക വിളയായി പരിഗണിച്ച് താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | റബ്ബറിനെ കാർഷിക വിളയായി പരിഗണിച്ച് താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ മറുപടി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. |
| (സി) | റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന താങ്ങുവില ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | റബ്ബർ പ്രോഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിലുള്ള റബ്ബറിന്റെ താങ്ങുവില 2021 വർഷത്തെ ബഡ്ജറ്റിൽ കിലോയ്ക്ക് 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ